		വകുപ്പിലെയോ മറ്റു സംസ്ഥാന സർക്കാർ വകുപ്പുകളിലേയോ ജീവനക്കാരിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം
8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II	2.	നിയമവകുപ്പിൽനിന്നോ ഇതര വകുപ്പുകളിൽ നിന്നോ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം.
9. ടൈപ്പിസ്റ്റ് ഗ്രേഡ് II	2.	നിയമവകുപ്പിലെയോ ഇതര വകുപ്പുകളിലേയോ ടൈപ്പിസ്റ്റുമാരിൽനിന്നും ഡെപ്യൂട്ടേഷൻ വഴി നിയമനം
10. ഡ്രൈവർ	2	നിയമവകുപ്പിലെയോ ഇതര വകുപ്പുകളിലെയോ ഡ്രൈവർമാരിൽ നിന്നും ഡെപ്യൂട്ടേഷൻവഴി നിയമനം
11. ശിപായിമാർ	5	നിയമവകുപ്പിലെയോ ഇതര വകുപ്പുകളിലെയോ ശിപായിമാരിൽ നിന്നും ഡെപ്യൂട്ടേഷൻവഴി നിയമനം
12. പാർട്ട് ടൈം സ്വീപ്പർ	1	കേരളാ പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസസ് റൂൾസ് അനുസരിച്ച് നിയമനം

മേൽപ്പറഞ്ഞ തസ്തികകൾക്ക് പുറമേ കമ്മിഷൻ ചെയർപേഴ്സന്റെ പേഴ്സണൽ സ്റ്റാഫിലേയ്ക്ക് ഒരു പ്രൈവറ്റ് സെക്രട്ടറി, ഒരു പേഴ്സണൽ അസിസ്റ്റന്റ്, രണ്ടു ശിപായിമാർ, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളും രണ്ടു മെമ്പർമാരുടെ പേഴ്സണൽ സ്റ്റാഫിലേയ്ക്കായി രണ്ടു പേഴ്സണൽ അസിസ്റ്റന്റ്, നാല് ശിപായിമാർ, രണ്ടു ഡ്രൈവർമാർ, രണ്ടു പാർട്ട് ടൈം സ്വീപ്പർമാർ എന്നീ തസ്തികകളും കോ-ടെർമിനസ് വ്യവസ്ഥയിൽ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

16 (1607) മനുഷ്യാവകാശ കമ്മിഷൻ അന്വേഷിച്ച കേസ്സുകൾ

ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മനുഷ്യാവകാശ കമ്മിഷൻ ഇതുവരെ എത്ര കേസ്സുകളെപ്പറ്റി അന്വേഷിച്ചിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാമെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ മുൻപാകെ 12.12.1999 വരെയുള്ള കാലയളവിൽ 1366 പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിൽ 577 പരാതികളിൻമേൽ കമ്മിഷൻ തീർപ്പ് കൽപ്പിച്ചു. ബാക്കി 789 പരാതികളുണ്ട്.

(ബി) പോലീസുദ്യോഗസ്ഥൻമാർ നടത്തിയതായി ആരോപിക്കപ്പെടുന്ന മനുഷ്യാവകാശ ലംഘനം, സർക്കാർ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലമുണ്ടായിട്ടുള്ള മനുഷ്യാവകാശ ലംഘനം തുടങ്ങി മനുഷ്യാവകാശ കമ്മിഷന്റെ അധികാരപരിധിയിൽ വരുന്നതും അല്ലാത്തതുമായ പരാതികളാണ് നിലവിലുള്ളത്.

17 (1608) മനുഷ്യാവകാശ കമ്മിഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മിഷൻ സംസ്ഥാനത്ത് ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കമ്മിഷന്റെ മുൻപാകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ തീരുമാനം എടുത്തിട്ടുള്ള കേസ്സുകൾ എത്ര; ഈ കേസ്സുകളുടെ പൊതുസ്വഭാവം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ പ്രവർത്തനങ്ങളുമായി സംസ്ഥാന കമ്മിഷന്റെ പ്രവർത്തനം എങ്ങനെയാണ് ബന്ധപ്പെടുന്നത്;

(ഡി) മനുഷ്യാവകാശ കമ്മിഷന്റെ വിപുലമായ പ്രവർത്തനങ്ങളെ സംബന്ധിച്ചും അധികാരങ്ങളെ സംബന്ധിച്ചും ജനങ്ങളിൽ വ്യാപകമായി ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കമ്മിഷന് ലഭിക്കുന്ന പരാതികളിൻമേൽ ഉചിതമായ തീർപ്പ് കൽപ്പിക്കുക, പത്ര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം (എൻക്വയറി) നടത്തുകയും ചെയ്യുക, ജയിലുകൾ ആശുപത്രികൾ തുടങ്ങിയ സർക്കാരിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി അവിടത്തെ അന്തേവാസികളുടെ ജീവിത സാഹചര്യങ്ങളെ വിശകലനംചെയ്ത് അവ മെച്ചപ്പെടുത്തുന്നതിന് സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുക, മനുഷ്യാവകാശ സംരക്ഷണ നിയമത്തെപ്പറ്റി പുനരവലോകനം നടത്തി മനുഷ്യാവകാശ സംരക്ഷണം ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്ക് വേണ്ടിയുള്ള ശുപാർശ നൽകുക, മനുഷ്യാവകാശങ്ങളെപ്പറ്റിയുള്ള ഗവേഷണങ്ങളും മറ്റും സ്വയം നടത്തുകയും മറ്റുള്ളവർ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, മനുഷ്യാവകാശങ്ങളെപ്പറ്റി പൊതുജനങ്ങൾക്കിടയിലും മറ്റും പ്രസിദ്ധീകരണങ്ങൾ വഴിയും സെമിനാറുകൾ വഴിയും അവബോധം വളർത്തുക, മനുഷ്യാവകാശ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നടത്തിവരുന്നത്.

(ബി) 12-12-99 വരെ 1366 പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 577 പരാതികളിൻമേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 789 പരാതികളാണ് ബാക്കിയുള്ളത്. പോലീസുകാർ നടത്തിയതായി ആരോപിക്കപ്പെടുന്ന മനുഷ്യാവകാശ ലംഘനം, സർക്കാർ ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥമൂലമുണ്ടായിട്ടുള്ള മനു

LIBRARY ARCHIVES Kerala Legislative Assembly